# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ: 2306** **06.10.2016** ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളിയിലെ ഭൂരഹിതർ

**ചോദ്യം**

**ശ്രീ. ആർ. രാമചന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഭൂരഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകളിൽ നിന്ന് 2642 ഭൂരഹിത കുടുംബങ്ങളെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്നും പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | സീറോ ലാൻറ് ലെസ് പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ,ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്നും വിശദമാക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് 2887 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ നിന്നുള്ള 2642 കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 5 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ; | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 3സെന്റ് വീതം 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള ഭൂമിയാണ് കണ്ടെത്തിയിരുന്നത്. ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽ ആദ്യം വന്നിരുന്ന 8 ഗുണഭോക്താക്കൾക്ക് ഇവ അനുവദിച്ചിരുന്നു. 5 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിക്കഴിഞ്ഞു. ബാക്കി വരുന്ന 3 ഗുണഭോക്താക്കളിൽ 2 പേർ മരണപ്പെട്ടിട്ടുള്ളതും ഒരു ഗുണഭോക്താവ് പദ്ധതിയിലെ മാനദണ്ഡങ്ങൾ പ്രകാരം അനർഹനായി മാറുകയും ചെയ്തിട്ടുള്ളതിനാൽ വിതരണം ചെയ്തിട്ടില്ല. ഇപ്രകാരം സ്വതന്ത്രമായ 3 പ്ലോട്ടുകൾ ലിസ്റ്റിലെ മുൻഗണന പ്രകാരം ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ഡി) | ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് അനുയോജ്യമായ സർക്കാർ ഭൂമി നിലവിൽ ഏതെങ്കിലും വില്ലേജിലുണ്ടോയെന്ന വ്യക്തമാക്കാമോ? | പദ്ധതിക്ക് അനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തുന്ന നടപടികൾ സംസ്ഥാനമൊട്ടാകെ നടന്നു വരികയാണ്. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വില്ലേജുകളിൽ നിന്ന് പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് അനുയോജ്യമായ ഭൂമി നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ